**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6664** **11-11-2021 - ൽ മറുപടിയ്ക്ക്**

**കോക്ലിയാർ ഇംപ്ലാന്റ് മെഷീൻ മെയ്ന്റനൻസിന് റീ ഇംപേഴ്സ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോക്ലിയാർ ഇംപ്ലാന്റ് കഴിഞ്ഞ കുട്ടികളുടെ മെഷീൻ പാർട്ട്സുകളുടെ മെയ്ന്റനൻസ് മെഡിക്കൽ റീ ഇംബേഴ്സ്മെന്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ; | (എ) | (എ) 14.02.2020- ലെ സർക്കാർ ഉത്തരവ് (ആർ.ടി) നം.79/2020/സാ.നീ.വ പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തി നൽകുന്നതിനായി മാനദണ്ഡങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വളരെയധികം ചെലവ് വരുന്ന കോക്ലിയാർ സർജറിക്കുശേഷം വളരെ വില കൂടിയതും വിദേശ നിർമ്മിതവുമായ മെഷീൻ പാർട്സുകളാണ് ഉപയോഗിക്കേണ്ടി വരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | (ബി) വളരെയധികം ചെലവ് വരുന്ന കോക്ലിയാർ സർജറിക്കുശേഷം വളരെ വില കൂടിയതും വിദേശനിർമ്മിതവുമായ മെഷീൻ പാർട്സുകളാണ് ഉപയോഗിക്കേണ്ടി വരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനാൽ 14/02/2020- ലെ സ.ഉ(സാധാ) നം.79/2020/സാ.നീ.വ പ്രകാരം പുതുതായി മെയിന്റനൻസ് പദ്ധതി രൂപീകരിക്കുകയും നാളിതുവരെ ടി പദ്ധതിയിലൂടെ 654 കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്കീമിന്റെ വാർഷിക വരുമാനപരിധി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | (സി) പ്രസ്തുത സ്കീമിന്റെ മാനദണ്ഡമനുസരിച്ച് 2 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി നിശ്ചയിച്ചിട്ടുള്ളത്. വാർഷിക വരുമാന പരിധി ഉയർത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞവരായിരിക്കണം.
2. 25 വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം
3. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം
4. കേരളത്തിലുള്ളവരായിരിക്കണം
5. നിശ്ചിത രീതിയിലുള്ള അപേക്ഷ അനുബന്ധരേഖകൾ സഹിതം സാമൂഹ്യ സുരക്ഷാ മിഷനിൽ സമർപ്പിക്കണം.
6. ശ്രുതിതരംഗം പദ്ധതി പ്രകാരം എംപാനൽ ചെയ്യപ്പെട്ട ആശുപ്രതികൾ മുഖേനയായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.
7. വാറണ്ടി/എക്സ്റ്റൻഡഡ് വാറണ്ടി എന്നിവ ഉപകരണങ്ങൾക്ക് നിലവിലുണ്ടെങ്കിൽ പദ്ധതിയുടെ പരിധിയിൽ വരുന്നതല്ല.
8. ഈ പദ്ധതി പ്രകാരം വാങ്ങി നൽകുന്ന ഉപകരണങ്ങൾ കേട്ടു കൂടാതെ സൂക്ഷിക്കുമെന്ന് അപേക്ഷകർ അപേക്ഷയിൽ തന്നെ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.
9. ഒരു തവണ മെയിന്റനൻസിന്റെ ആനുകൂല്യം ലഭിച്ചു കഴിഞ്ഞാൽ കമ്പനി നൽകുന്ന വാറണ്ടി പീരീഡ്  കഴിഞ്ഞതിനുശേഷം ശേഷം മാത്രമേ വീണ്ടും മെയിന്റനൻസിനായി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

ഗുണഭോക്താവിന് മെഷിൻ പാർട്സുകൾ കേടാകുന്ന മുറയ്ക്ക് തന്നെ  പുതിയ പാർട്സുകൾ വാങ്ങി നൽകുന്നതിനാൽ ആയത് റീ ഇംപേഴ്സ് ചെയ്ത് നൽകേണ്ട ആവശ്യം വരുന്നില്ല.